തദ്ദേശ സ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

(എ) പബ്ലിക്ക് ശ്മശാനത്തിനു ചുറ്റും ഉള്ള സ്ഥലത്തും വേറെ എതെങ്കിലും സ്ഥാപനങ്ങൾക്കു പതിച്ചുകൊടുക്കുക ഒരു നയമായി സ്വീകരിച്ചിട്ടില്ല.

(ബി) ചേത്തല മുനിസിപ്പൽ ശ്മശാനത്തിനു ചുറ്റുമുള്ള സ്ഥലം ചേത്തല മിഷൻ ലെപ്പർ ആശുപത്രിക്കുവേണ്ടി കുത്തകപ്പാട്ടം കൊടുത്തിട്ടുണ്ട്.

(സി) ചേത്തല മുനിസിപ്പാലിറ്റി പതിച്ചുതരുവാൻ ആവശ്യപ്പെട്ടിട്ടുള്ള പുറമ്പോക്കു സർവ്വെ നമ്പരുകളുടെ കൂട്ടത്തിൽ ഇതും പെട്ടിട്ടുണ്ട്.

(ഡി) വേറൊരു സ്ഥാപനത്തിനു കുത്തകപ്പാട്ടത്തിനു കൊടുത്തതു കാൻസൽ ചെയ്തു ഈ സ്ഥലം മുനിസിപ്പാലിറ്റിക്കു പതിച്ചുകൊടുക്കേണ്ട ആവശ്യം ഇല്ലെന്നു തീരുമാനിച്ചു.

Amount due by way of reimbursement to private schools.

*187. [79] SHRI K. A. SIVARAMA BHARATHI: Will the Minister for Education be pleased to state:

(a) whether the amounts due to management of private schools by way of reimbursement for full and half fee concessions granted to pupils after integration has been paid, if not why;

(b) whether the amount due by way of reimbursement to private schools on account of the introduction of free education in the Middle School classes from last year have been paid, if not why;

(c) is not the delay putting the managements to much financial worry; and

(d) will prompt and early steps be taken in the matter or reimbursing the managements?

Chief Minister (SHRI PANAMPILLI GOVINDA MENON):

(a) The bills received from the Managers of Private schools for the grant due to them on account of the award of half and full fee-concession to pupils in schools have been passed for payment by the Controlling officers to the extent funds are available with them except that on account of the grant of N. G. O. fee concessions for which action is being taken.

(b) In almost all cases payment has been made. In the remaining cases prompt action is being taken to make payments.

LIBRARY ARCHIVES Kerala Legislative Assembly

(c) The Managers will not be put to financial difficulties on account of the delay on the part of the Department.

(d) Prompt and early steps are being taken to reimburse the managements.

എൻ. ഇ. എസ്സ്. ബ്ലോക്കുകൾ.

* 188. [80] ശ്രീ. എൻ. ചന്ദ്രശേഖരൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ വർഷത്തിൽ പുതുതായി എൻ. ഇ. എസ്സ്. ബ്ലോക്കുകൾ ആരംഭിക്കുവാൻ ഗവണ്മെന്റ് ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എവിടെയെല്ലാമെന്ന് വ്യക്തമാക്കുമോ ;

(സി) പാലോട്ട് നിയോജകമണ്ഡലത്തിലും ഒരു ബ്ലോക്ക് തുടങ്ങുവാൻ ഗവണ്മെന്റ് ശ്രദ്ധിക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) ഉണ്ട്.

(ബി) 1. നെന്മാറ.
2. ആയ്യാട്ട്.
3. റാന്നി.
4. ചങ്ങനാശ്ശേരി.
5. കഴക്കൂട്ടം.

(സി) ഈ വർഷം കൂടുതൽ ബ്ലോക്കുകൾ പ്ലാനിംഗ് കമ്മീഷൻ അനുവദിച്ചു തരുമെന്ന് പ്രതീക്ഷിക്കുന്നില്ല. രണ്ടാം പഞ്ചവത്സരപദ്ധതി പൂർത്തിയാകുന്നതോടെ സംസ്ഥാനത്തു് മുഴുവനും എൻ. ഇ. എസ്സ്. വ്യാപിപ്പിക്കണമെന്നാണ് ഗവണ്മെന്റ് ഉദ്ദേശിക്കുന്നതു്.

പാലോട്ട് പ്രദേശവും എൻ. ഇ. എസ്സിൽ ഉൾപ്പെട്ട വരും.

അദ്ധ്യാപകന്മാരുടെ സ്ഥലംമാറ്റം.

* 189. [81] ശ്രീ. എൻ. ചന്ദ്രശേഖരൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) അദ്ധ്യാപകന്മാരെ സ്ഥലം മാറ്റുന്നതു് സംബന്ധിച്ചു് ഗവണ്മെന്റിനുള്ള വ്യവസ്ഥകൾ എന്തെല്ലാമാണ് ;

(ബി) നെടുമങ്ങാട് താലൂക്കിലെ വിവിധ സ്കൂളുകളിലായി വിദേശീയരായ അദ്ധ്യാപകർ നാലും അഞ്ചും കൊല്ലങ്ങളായി സ്ഥലം മാറ്റം കിട്ടാതെ വിഷമിച്ചു് വരുന്നതായി ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തി വേണ്ട സത്വരനടപടികൾ സ്വീകരിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly